(എ) സിറ്റി സർവ്വീസ് ബസ്സുകൾ മിക്കതും കൃത്യസമയത്തു പുറപ്പെടാതെ ഒരേ റൂട്ടിലുള്ള പല സമയത്തായി പുറപ്പെടേണ്ട ബസ്സുകൾ ഒരേ സമയത്ത് പുറപ്പെടുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ബസ്സുകൾ കൃത്യസമയത്തുതന്നെ പുറപ്പെടുന്നതിനു വേണ്ടിയുള്ള നടപടികൾ കർശനമായി കൈക്കൊള്ളുന്നതിന് ഉത്തരവുണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃത്യസമയത്ത് പുറപ്പെടുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിലും കൂടെക്കൂടെ മെയിൻറോഡുകളിൽ ഉണ്ടാകാറുള്ള പ്രകടനങ്ങളും ജാഥകളും ചില സ്റ്റോപ്പുകളിലെ വർദ്ധിച്ച തിരക്കും ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിൽ വൈഷമ്യമുണ്ടാക്കുന്നുണ്ട്.

അയൽ സംസ്ഥാനങ്ങളിലേക്കുള്ള ബസ്സ് സർവ്വീസ്

1355 [2182] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തുനിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്ക് എത്ര ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുന്നുണ്ട്;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിലേക്ക്;

(സി) മറ്റു സംസ്ഥാനങ്ങളിലേക്ക് കൂടുതൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ മറ്റ് സംസ്ഥാനങ്ങളുമായി ആലോചനകളുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടുന്നെല്ലാം?

ഉത്തരം

(എ) 103 കെ. എസ്. ആർ. ടി. സി. ബസ്സുകളും പ്രൈവറ്റ് സെക്ടറിൽ 42 ബസ്സുകളും.

(ബി) തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിലേക്ക്.

(സി) ഉണ്ട്.

(ഡി) തമിഴ്നാട്, കർണ്ണാടകം എന്നീ സ്റ്റേറ്റുകളിലേക്ക്.

കെ. എസ്. ആർ. ടി. സി. ഡ്രൈവർമാർ

1356 [2183] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ പട്ടികജാതി / പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർ എത്രയുണ്ട്;

(ബി) കെ. എസ്. ആർ. ടി. സി. യിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് പദ്ധതി പ്രകാരം എത്ര ഡ്രൈവർമാരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly